പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1419</u> <u>13/07/2016 ൽ മറുപടിക്ക്</u>

## എറിയാട്-അത്താണി ആശുപത്രി സി.എച്ച്.സി ആയി ഉയർത്തൽ

| ചോദ്യം<br>ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | എറിയാട്-അത്താണി ആശുപത്രി, സി.എച്ച്.സി ആശുപത്രിയായി ഉയർത്തിയിട്ടുണ്ടോ; | (എ) | 26/02/2009 -ലെ ജി.ഒ.(എം.എസ്) നം. 53/09/ആകുവ ഉത്തരവ് പ്രകാരം സി.എച്ച്.സി. ആയി ഉയർത്തിയിട്ടുണ്ട്. |
| (ബി) | ശ്രീനാരായണപുരം ആൽമാവ് ആശുപത്രി, കുരിക്കുഴി ആശുപത്രി എന്നിവിടങ്ങളിൽ കിടത്തി ചികിത്സ ആരംഭിക്കാൻ ഉദ്ദേശ്യമുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ശ്രീനാരായണപുരം ആൽമാവ് ആശുപത്രിയിൽ ഐ.പി. ഇല്ല. ഏകദേശം 55 ഒ.പി യാണ് ഇവിടെ ദൈനംദിനം ഉള്ളത്. ഈ പി.എച്ച്.സി.യുടെ 7 കി.മീ ചുറ്റളവിൽ സി.എച്ച്.സി പെരിഞ്ഞനം, 10 കി.മീ ചുറ്റളവിൽ കൊടുങ്ങല്ലൂർ താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി എന്നിവ സ്ഥിതി ചെയ്യുന്നു. ആയതിനാൽ ഇവിടെ ഐ.പി തുടങ്ങുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.<br>കുരിക്കുഴി ആശുപത്രിയിൽ ഐ.പി ആരംഭിക്കുന്നതിനായി തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്. |
| (സി) | ഭൗതീക സാഹചര്യങ്ങളെല്ലാം പൂർത്തീകരിച്ച മേൽപറഞ്ഞ ആശുപത്രികളിലെ ഡോക്ടർമാരുടെ നിലവിലുള്ള എണ്ണം വർദ്ധിപ്പിക്കാൻ സാധിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ശുപാർശ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ